(ബി) കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; ആയതിലേക്ക് എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) യു.പി.എസ്. സംവിധാനം തകരാറിലാകുന്നതുമൂലം ജനങ്ങൾക്ക് കൃത്യമായ സേവനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പുതിയ യു.പി.എസ്. വാങ്ങിക്കുന്നതിന് അടയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ 2013-14 വർഷം കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി 101.17 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും 2013-14 സാമ്പത്തിക വർഷത്തിൽത്തന്നെ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ഉപകരണങ്ങൾക്ക് 79.44 ലക്ഷം രൂപയും യു.പി.എസുകൾക്ക് 21.73 ലക്ഷം രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി എച്ച്.സി.എൽ. ഇൻഫോസിസ്റ്റം എന്ന ഏജൻസിയെയും, യു.പി.എസിന്റെ അറ്റകുറ്റപ്പണികൾക്കായി ഹൈക്കൺ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കമ്പ്യൂട്ടർ ഉപകരണങ്ങൾക്കായി 79.44 ലക്ഷം രൂപ ചെലവഴിച്ചു.

(സി) ഉണ്ട്. യു.പി.എസ്. സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ റോഡുകളുടെ നവീകരണം

262(3187) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഏതൊക്കെ റോഡുകളുടെ നവീകരണമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത് ; വിശദാംശം അറിയിക്കുമോ ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റോഡുകൾ പ്രസ്തുത പദ്ധതിപ്രകാരം ഏറ്റെടുക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) സെൻട്രൽ റോഡ് ഫണ്ട് പദ്ധതി പ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിലുണ്ടോ ; എങ്കിൽ ആയത് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സെൻട്രൽ റോഡ് ഫണ്ടിൽ (CRF)-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലം ഉൾപ്പെടെ നവീകരണം നടത്തുന്ന റോഡുകൾ താഴെപ്പറയുന്നവയാണ്:

1. പാങ്ങോട്-പുത്തൂർ-ചീരൻ കാവ്- എഴുകോൺ- നെടുമൺ കാവ്- മീയന്നൂർ - ചാത്തന്നൂർ - റോഡിന്റെ നവീകരണം- എസ്റ്റിമേറ്റ് ഇക 24 കോടി രൂപ. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

2. കരുനാഗപ്പള്ളി - അമൃതപുരി - അഴീക്കൽ (കായംകുളം ഹാർബർ) റോഡിന്റെ നവീകരണം - എസ്റ്റിമേറ്റ് ഇക 13 കോടി രൂപ. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) ഉണ്ട്. സി.ആർ.എഫ്. പ്രകാരം തെരഞ്ഞെടുക്കുന്ന റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡോ, സ്റ്റേറ്റ് റോഡോ, റൂറൽ റോഡ് അല്ലാത്ത മറ്റ് പ്രധാനപ്പെട്ട റോഡുകളോ റൂറൽ റോഡുമായോ വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലവുമായോ ദേശീയപാതയുമായോ ബന്ധിപ്പിക്കുന്ന റോഡോ ആയിരിക്കണം. 10 കി.മീറ്ററിൽ കുറയാത്ത നീളം ഉണ്ടായിരിക്കണം. ബാധ്യതയില്ലാത്ത സ്ഥലം ലഭ്യമായിരിക്കണം.

ബോവിക്കനം ജംഗ്ഷനിലെ അപകട സാധ്യത

263(3188) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ചെർക്കളം ജാൽസൂർ എസ്.എച്ച്.-ൽ ബോവിക്കനം ജംഗ്ഷനിൽ അടിക്കടിയുണ്ടാകുന്ന വാഹന അപകടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ ജംഗ്ഷനിൽ അപകടം ഉണ്ടാകാതിരിക്കാൻ പി.ഡബ്ല്യു.ഡി. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പാർക്കിംഗ് ഏരിയ വർദ്ധിപ്പിച്ച് ഡിവൈഡറും സർക്കിളും സ്ഥാപിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ?